ഔഷധ ഗവേഷണ കേന്ദ്രം

112 (2392) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആയുർവ്വേദത്തിനും ടൈബൽ മെഡിസിനും വേണ്ടി ഔഷധ ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന വാഗ്ദാനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ആയുർവ്വേദത്തിനും ടൈബൽ മെഡിസിനുംവേണ്ടി ഔഷധ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനം

113 (2393) ശ്രീ. എം. എ. വാഹീദ്
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. വർക്കല കഹാർ
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി ഒഴികെയുള്ള ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) അലോപ്പതി ഒഴികെയുള്ള ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജന ത്തിനും വളർച്ചയുമായി സംസ്ഥാനത്ത് ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ആയുർവ്വേദ, യോഗ, നാച്യുറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ ചികിത്സാ വിഭാഗങ്ങളുടെ സർവ്വതോമുഖമായ വികസനമാണ് ആയുഷ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. രോഗികൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ചികിത്സാ സമ്പ്രദായങ്ങളെ തെരഞ്ഞെടുക്കാൻ സാധിക്കും. ഡോക്ടർമാർക്ക് രോഗികളെ പരസ്പരം റഫർ ചെയ്യാൻ സാധിക്കും. പഴകിയ രോഗങ്ങൾക്ക് ഒരു സംയോജിത ചികിത്സ നൽകാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ എൻ.എച്ച്.എം.ന കീഴിൽ ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം ആരംഭിച്ചു. പ്രസ്തുത കേന്ദ്രത്തിലൂടെ ആയുർവ്വേദം, ഹോമിയോ, സിദ്ധ എന്നീ ചികിത്സാ സമ്പ്രദായങ്ങളുടെ സേവനം ഒരു കുടക്കീഴിൽ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചു. ഹോമിയോപ്പതി വകുപ്പിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയുഷ് ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ആയുഷ് മിഷന്റെ കീഴിൽ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ആയുർവ്വേദ പ്രോത്സാഹനം - നൂതന പദ്ധതികൾ

114 (2394) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്ത് പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി നേട്ടങ്ങൾ കൈവരിക്കുന്നതിനും പര്യാപ്തമായ നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) ആയുർവ്വേദ ചികിത്സാരംഗത്ത് വളർച്ചയും പുരോഗതിയും കൈവരിക്കുന്നതിനും ഈ രംഗത്തെ വിവിധ ഗവേഷണത്തിനും ഉതകുന്ന വിധത്തിൽ ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ മതിയായ കേന്ദ്രസഹായം നേടിയെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആയുർവ്വേദത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി നേട്ടങ്ങൾ കൈവരിക്കുന്നതിനുമായി നൂതന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ ലിഫ്റ്റ് നിർമ്മിക്കുന്നതിന് നടപടി

115 (2395) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രിക്കായി പുതിയ മന്ദിരം എന്നാണ് നിർമ്മിച്ചത്; എത്ര രൂപയായിരുന്നു അന്ന് നിർമ്മാണത്തിനായി ചെലവഴിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly